# FINAL ANSWER KEY

| | |
|---|---|
| Question Paper Code: | 112/2023/OL |
| Category Code: | 534/2022 |
| Exam: | High School Teacher Malayalam (By Transfer) |
| Date of Test | 18-07-2023 |
| Department | Education |

Question1:-2023 മെയ് 1 ന് കൊളംബിയയിലെ ആമസോൺ വനമേഖലയിൽ തകർന്നു വീണ് 4 കുട്ടികൾ അത്ഭുതകരമായി രക്ഷപ്പെട്ട വിമാനം ഏത് വിഭാഗത്തിൽപ്പെടുന്നു?

A:-സെസ്ന 206

B:-കോൺകോർഡ്

C:-ട്യൂപ്പലേവ് 144

D:-പിസ്റ്റൺ 203

Correct Answer:- Option-A

Question2:-താഴെ പറയുന്ന ഗ്രന്ഥങ്ങളിൽ 2022-ലെ വള്ളത്തോൾ പുരസ്കാര ജേതാവായ സേതു രചിച്ചത് ഏതെല്ലാമാണ്?

(i) താളിയോല
(ii) സൻമാർഗ്ഗം
(iii) വെളുത്ത കൂടാരങ്ങൾ
(iv) യൂദാസിൻെറ സുവിശേഷം

A:-(i) ഉം (iv) ഉം

B:-(ii) ഉം (iii) ഉം

C:-(ii) ഉം (iv) ഉം

D:-(i) ഉം (iii) ഉം

Correct Answer:- Option-D

Question3:-ഇന്ത്യൻ  സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് **താഴെ പറയുന്ന പ്രസ്താവനകളിൽ തെറ്റായത്**

(i) ഇന്ത്യയിൽ 9 സംസ്ഥാനങ്ങൾക്ക് കടൽതീരമുണ്ട്
(ii) മൂന്ന് വിദേശരാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനമാണ് സിക്കിം
(iii) ഇന്ത്യയിൽ ഏറ്റവും കൂടുതൽ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനമാണ് മദ്ധ്യപ്രദേശ്
(iv) ഉത്തരായനരേഖ കടന്നുപോകുന്ന ഏറ്റവും കിഴക്കെ അറ്റത്തുള്ള ഇന്ത്യൻ സംസ്ഥാനമാണ് മിസോറം

A:-(ii) മാത്രം

B:-(ii) ഉം (iii)  ഉം

C:-(iii) മാത്രം

D:-(i) ഉം (iv)  ഉം

Correct Answer:- Option-C

Question4:-ഭാരതത്തിൻെറ 15-ാമത് രാഷ്ട്രപതിയായ ശ്രീമതി ദ്രൌപദി മുർമുവുമായി ബന്ധപ്പെട്ട് താഴെ

കൊടുത്തിരിക്കുന്ന ഏതെല്ലാം പ്രസ്താവനകൾ ശരിയാണ്?
(i) ഇന്ത്യയുടെ പ്രഥമ വനിതാ രാഷ്ട്രപതിയാണ്
(ii) ഒഡീഷയാണ് ജന്മദേശം
(iii) ഇന്ത്യ സ്വതന്ത്രമാകുന്നതിന് മുൻപാണ് ജനനം
(iv) രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ ശ്രീമതി ദ്രൌപതി മുർമ്മുവിൻെറ എതിർ സ്ഥാനാർത്ഥി യശ്വന്ത് സിൻഹയായിരുന്നു

A:-(ii) ഉം (iii) ഉം

B:-(ii) ഉം (iv) ഉം

C:-(i) ഉം (iv) ഉം

D:-(i), (ii), (iii), (iv)

Correct Answer:- Option-B

Question5:-2023 ജൂൺ മാസത്തിൽ ഇന്ത്യയിലും പാക്കിസ്ഥാനിലുമായി വീശിയടിച്ച ബിപർജോയി ചുഴലിക്കാറ്റിനെ സംബന്ധിച്ച പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏതെല്ലാം?
(i) ബിപർജോയി രൂപം കൊണ്ടത് ബംഗാൾ ഉൾക്കടലിലാണ്
(ii) 'ബിപർജോയി' എന്നാൽ ബംഗാൾ ഭാഷയിൽ 'ദുരന്തം' എന്നാണർത്ഥം
(iii) ഈ ചുഴലിക്കാറ്റിന് നാമകരണം നടത്തിയത് ബംഗ്ലാദേശാണ്
(iv) ഈ കാറ്റിൽ ഏറ്റവും ദുരിതം അനുഭവിച്ച ഇന്ത്യൻ സംസ്ഥാനമാണ് കേരളം

A:-(ii), (iii)

B:-(i), (ii)

C:-(i), (iv)

D:-(i), (ii), (iii)

Correct Answer:- Option-C

Question6:-2023 ലെ ഐ.സി.സി. ലോകക്രിക്കറ്റ് ടെസ്റ്റ് ചാമ്പ്യൻഷിപ്പിൻെറ ഫൈനലിൽ ഇന്ത്യയും ഓസ്ട്രേലിയയും തമ്മിൽ മത്സരിച്ചത് ഏത് സ്റ്റേഡിയത്തിൽ വച്ചാണ്?

A:-മെൽബൺ

B:-സിഡ്നി

C:-ഓവൽ

D:-ലോർഡ്സ്

Correct Answer:- Option-C

Question7:-സൌരയൂഥത്തിൽ 2000 ജൂണിൽ കണ്ടെത്തിയ നാലര കിലോമീറ്റർ വ്യാസമുള്ള ഛിന്നഗ്രഹത്തിന് അന്താരാഷ്ട്ര ആസ്ട്രോണമിക്കൽ യൂണിയൻ ഏത് മലയാളി ജ്യോതിശാസ്ത്രജ്ഞൻെറ പേരാണ് ഈയിടെ നല്കിയിരിക്കുന്നത്?

A:-കെ. രാമസുബ്രഹ്മണ്യൻ

B:-ഡോ. അരുൺ ശേഖർ

C:-ഡോ. ചന്ദ്രശേഖർ

D:-ഡോ. അശ്വിൻ ശേഖർ

Correct Answer:- Option-D

Question8:-സ്ത്രീകളോടും പെൺകുട്ടികളോടും ഓൺലൈൻ അടിസ്ഥാനമാക്കിയുള്ള ഉപദ്രവങ്ങൾ പരിഹരിക്കുന്നതിനുള്ള കേരള പോലീസിൻെറ ദ്രുതപ്രതികരണ സംവിധാനമാണ്

A:-അപരാജിത ഓൺലൈൻ

B:-അഭയകിരണം

C:-സുരക്ഷ ഓൺലൈൻ

D:-കവചം

Correct Answer:- Option-A

Question9:-'125; Our Journey Together' എന്ന ഗ്രന്ഥം രചിച്ചതാര്?

A:-ബോബ് ഡയലൺ

B:-ഡൊണാൾഡ് ട്രംപ്

C:-ഷെയ്ൻ വാട്സൺ

D:-ദലൈലാമ

Correct Answer:- Option-B

Question10:-ആന സങ്കേതങ്ങളെ കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയായത്
(i) ഇന്ത്യയിലെ 33-ാമത് ആന സങ്കേതമാണ് 'തെരായ്'
(ii) 'തെരായ്' ആനസങ്കേതം ഉത്തർപ്രദേശിലാണ്
(iii) 2022 ഡിസംബർ 31 പ്രകാരം കേരളത്തിൽ 3 ആനസങ്കേതങ്ങളാണുള്ളത്
(iv) കേരളത്തിലെ ഒരു ആനസങ്കേതമാണ് ആനമുടി

A:-(i), (ii), (iv)

B:-(ii), (iii)

C:-(iii) മാത്രം

D:-ഇവയെല്ലാം ശരിയാണ്

Correct Answer:- Option-A

Question11:-താഴെ കൊടുത്തിരിക്കുന്ന സാമൂഹ്യപരിഷ്കർത്താക്കളും അവരുടെ ജന്മസ്ഥലവും ചേരുംപടി ചേർക്കുക
(i) പണ്ഡിറ്റ് കറുപ്പൻ - (A) കണ്ണമൂല
(ii) കുമാരനാശാൻ - (B) മേഴത്തൂർ
(iii) വി.ടി. ഭട്ടതിരിപ്പാട് - (C) ചേരാനെല്ലൂർ
(iv) ചട്ടമ്പിസ്വാമികൾ - (D) കായിക്കര

A:-(i)-(A) (ii)-(B) (iii)-(C) (iv)-(D)

B:-(i)-(C) (ii)-(D) (iii)-(A) (iv)-(B)

C:-(i)-(C) (ii)-(D) (iii)-(B) (iv)-(A)

D:-(i)-(A) (ii)-(C) (iii)-(B) (iv)-(D)

Correct Answer:- Option-C

Question12:-താഴെ പരാമർശിച്ച സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട സംഘടനകളെ കാലഗണനാനുസൃതമായി ആരോഹണക്രമത്തിൽ എഴുതുക
(i) പ്രാർത്ഥനാസമാജം
(ii) ശ്രീരാമകൃഷ്ണമിഷൻ
(iii) ആര്യസമാജം
(iv) ശാരദാസദനം

A:-(i), (ii), (iii), (iv)

B:-(iv), (iii), (i), (ii)

C:-(iii), (i), (ii), (iv)

D:-(i), (iii), (iv), (ii)

Correct Answer:- Option-D

Question13:-ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട വിപ്ലവപ്രസ്ഥാന നേതാക്കളെയും അവരുടെ മേൽ ആരോപിക്കപ്പെട്ട കുറ്റകൃത്യങ്ങളും ചേരുംപടി ചേർക്കുക

(i) അഷ്ഫാക്കുള്ള ഖാൻ - (A) കാൺപൂർ ഗൂഢാലോചന

(ii) അരബിന്ദ ഘോഷ് - (B) മുസാഫർപൂർ ഗൂഢാലോചന

(iii) എസ്.എ. ഡാങ്കെ - (C) അലിപൂർ ഗൂഢാലോചന

(iv) ഖുദിറാം ബോസ് - (D) കക്കോറി തീവണ്ടി ആക്രമണം

A:-(i)-(A) (ii)-(B) (iii)-(C) (iv)-(D)

B:-(i)-(D) (ii)-(C) (iii)-(A) (iv)-(B)

C:-(i)-(D) (ii)-(B) (iii)-(C) (iv)-(A)

D:-(i)-(C) (ii)-(A) (iii)-(B) (iv)-(D)

Correct Answer:- Option-B

Question14:-താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയല്ലാത്തത്

(i) അഖില കേരള വനിത ലീഗ് സ്ഥാപിതമായത് കോഴിക്കോടാണ്

(ii) ഈ സംഘടനയുടെ ആദ്യ പ്രസിഡന്റ് കുട്ടിമാളു അമ്മ ആയിരുന്നു

(iii) ഈ സംഘടന സ്ഥാപിക്കപ്പെട്ടത് 1931-ലാണ്

(iv) ഇതിന്റെ സ്ഥാപക വൈസ് പ്രസിഡന്റ് പാർവ്വതി നെന്മേനിമംഗലം ആയിരുന്നു

A:-(i), (iii)

B:-(ii), (iv)

C:-(i), (iv)

D:-(iii) മാത്രം

Correct Answer:- Option-B

Question15:-ശരിയായ പ്രസ്താവന ഏത്?

(i) 'സമത്വസമാജം' സ്ഥാപിച്ചത് വൈകുണ്ഠസ്വാമികൾ ആണ്

(ii) 'മോക്ഷപ്രദീപം' രചിച്ചത് ചട്ടമ്പി സ്വാമികളാണ്

(iii) ശ്രീനാരായണ ഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠ നടന്നത് 1888-ലാണ്

(iv) അന്നാചാണ്ടി 'ശ്രീമതി' എന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപരായി പ്രവർത്തിച്ചിരുന്നു

A:-(i), (iii), (iv)

B:-(i), (ii)

C:-(i), (ii), (iii)

D:-ഇവയെല്ലാം

Correct Answer:- Option-A

Question16:-ക്ലാസ്സ്മുറികളിലും സാമൂഹികസാഹചര്യത്തിലും പഠനത്തിന്റെ ഭാഗമായി കുട്ടികളിൽ രൂപപ്പെടേണ്ട മൂല്യങ്ങൾ, മനോഭാവങ്ങൾ, പെരുമാറ്റരീതികൾ തുടങ്ങിയവ പരോക്ഷമായി ഇഴുകിച്ചേർന്നിരിക്കുന്ന പാഠ്യപദ്ധതി ഏതുപേരിലാണ് അറിയപ്പെടുന്നത്?

A:-ഉദ്ദേശ്യാധിഷ്ഠിത പാഠ്യപദ്ധതി

B:-ഉദ്ഗ്രഥിത പാഠ്യപദ്ധതി

C:-പ്രശ്നാധിഷ്ഠിത പാഠ്യപദ്ധതി

D:-നിഗ്ഗീർണ്ണ പാഠ്യപദ്ധതി

Correct Answer:- Option-D

Question17:-ആശയരൂപീകരണ പ്രക്രിയയുടെ ഭാഗമായി കുട്ടിയുടെ വികാസഘട്ടത്തെ ജെറോം എസ് ബ്രൂണർ ഏതു ക്രമത്തിലാണ് അവതരിപ്പിക്കുന്നത്?

A:-പ്രവർത്തനഘട്ടം, പ്രതീകാത്മകഘട്ടം, ബിംബനഘട്ടം

B:-പ്രവർത്തനഘട്ടം, ബിംബനഘട്ടം, പ്രതീകാത്മകഘട്ടം

C:-ബിംബനഘട്ടം, പ്രതീകാത്മകഘട്ടം, പ്രവർത്തനഘട്ടം

D:-പ്രതീകാത്മകഘട്ടം, ബിംബനഘട്ടം, പ്രവർത്തനഘട്ടം

Correct Answer:- Option-B

Question18:-പഠനത്തിനായുള്ള വിലയിരുത്തലുമായി (Assessment for learning) ബന്ധമുള്ള പ്രസ്താവനകൾ ഏതെല്ലാമാണ്?

(1) പഠനത്തെ സഹായിക്കുന്ന പ്രവർത്തനങ്ങളാണിത്
(2) കുട്ടി എന്തു പഠിച്ചു എന്നതിനാണ് ഇതിൻെറ ഊന്നൽ
(3) പഠനത്തിൽ ഉൾച്ചേർന്ന തുടർച്ചയായ പ്രക്രിയയാണിത്
(4) ഗുണാത്മകമായ വിലയിരുത്തലാണ് ഇതിലൂടെ നടക്കുന്നത്

A:-(1), (2), (3)

B:-(1), (3), (4)

C:-(2), (3), (4)

D:-(2), (1), (3)

Correct Answer:- Option-B

Question19:-നിയതമായ പഠനോദ്ദേശ്യങ്ങളെ ആസ്പദമാക്കിയുള്ള അദ്ധ്യാപനമാതൃകളിൽ (Models of teaching) ഉൾപ്പെടാത്ത മാതൃക ഏതാണ്?

A:-വിവരസംസ്കരണ വിഭാഗം (Information processing family)

B:-സാമൂഹിക വിഭാഗം (Social family)

C:-സാംസ്കാരിക വിഭാഗം (Cultural family)

D:-വൈയക്തിക വിഭാഗം (Personal Family)

Correct Answer:- Option-C

Question20:-താഴെപ്പറയുന്നവയിൽ ക്രിയാഗവേഷണവുമായി (Action research) ബന്ധപ്പെട്ട പ്രസ്താവനകൾ ഏതെല്ലാമാണ്?

(1) അടിസ്ഥാനഗവേഷണത്തിൻെറ എല്ലാ രീതിശാസ്ത്രവും ക്രിയാഗവേഷണത്തിലും പിന്തുടരുന്നു
(2) ക്രിയാഗവേഷണം ക്ലാസ്സുമുറിയിലെ ചില പ്രത്യേപഠനപ്രശ്നങ്ങളെ പരിഹരിക്കാൻ ലക്ഷ്യമിടുന്നു
(3) ക്ലാസ്സ്റൂം സാഹചര്യത്തിൽ പ്രശ്നപരിഹരണത്തിനും പ്രവർത്തനങ്ങളുടെ മെച്ചപ്പെടലിനും സഹായകമാകുന്നു
(4) ക്ലാസ്സ് മുറിയിൽ നേരിടുന്ന വെല്ലുവിളികൾ പരിശോധിക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനും അദ്ധ്യാപകർക്ക് സഹായകമാകുന്നു

A:-(2), (3) & (4)

B:-(1), (3) & (4)

C:-(1), (4) & (2)

D:-(1), (2) & (3)

Correct Answer:- Option-A

Question21:-ഉണ്ണുനീലിസന്ദേശത്തിലെ സന്ദേശഹരൻ ആരാണ്?

A:-ആദിത്യവർമ്മ

B:-ആയില്യം തിരുനാൾ

C:-വിശാഖം തിരുനാൾ

D:-കേരളവർമ്മ

Correct Answer:- Option-A

Question22:-'രമണീയാർത്ഥപ്രതിപാദക ശബ്ദഃ കാവ്യം' എന്നു കാവ്യത്തെ നിർവ്വചിച്ചതാര്?

A:-മമ്മടൻ

B:-ദണ്ഡി

C:-ജഗന്നാഥപണ്ഡിതർ

D:-ഭാമഹൻ

Correct Answer:- Option-C

Question23:-കേരളീയ ജീവിതത്തെ പശ്ചാത്തലമാക്കി രചിക്കപ്പെട്ട ആദ്യത്തെ നോവൽ ഏതാണ്?

A:-പുല്ലേലികുഞ്ചു

B:-ഘാതകവധം

C:-കുന്ദലത

D:-ഇന്ദുലേഖ

Correct Answer:- Option-B

Question24:-പി. ഗോവിന്ദപ്പിള്ളയുടെ 'ഭാഷാസാഹിത്യചരിത്രം' പ്രസിദ്ധീകരിച്ച സാഹിത്യമാസിക ഏതാണ്?

A:-വിദ്യാവിനോദിനി

B:-കവനോദയം

C:-വിദ്യാവിലാസിനി

D:-ഭാഷാപോഷിണി

Correct Answer:- Option-C

Question25:-'സോവിയറ്റ് ഡയറി' എന്ന യാത്രാവിവരണം രചിച്ചതാര്?

A:-എ.കെ. ഗോപാലൻ

B:-ആനി ജോസഫ്

C:-വി.ആർ. കൃഷ്ണയ്യർ

D:-എസ്.കെ. പൊറ്റെക്കാട്

Correct Answer:- Option-D

Question26:-'മനുഷ്യരുടെ വികാരവിചാരങ്ങളെ പ്രകാശിപ്പിക്കുന്നതും സംഭാവ്യവുമായ ഇതിവൃത്തത്തെ

ആഖ്യാനം ചെയ്തു കാവ്യാനുഭൂതി ഉണ്ടാക്കുന്ന ഗദ്യഗ്രന്ഥമാകുന്നു നോവൽ' - എന്നു നോവലിനെ നിർവ്വചിച്ചതാര്?

A:-കെ.പി. അപ്പൻ

B:-എം.പി. പോൾ

C:-സുകുമാർ അഴീക്കോട്

D:-ജോസഫ് മുണ്ടശ്ശേരി

Correct Answer:- Option-B

Question27:-ചുവടെ കൊടുത്തിരിക്കുന്നവയിൽ ഇക്കോഫെമിനിസ്റ്റ് വിഭാഗത്തിൽ ഉൾപ്പെടുന്ന കഥയേതാണ്?

A:-ഹിഗ്വിറ്റ

B:-ഹർജി

C:-മഖൻസിംഗിൻെറ മരണം

D:-എരണ്ടകൾ

Correct Answer:- Option-D

Question28:-'ഹോമർ അടക്കമുള്ള കവികൾ ഈശ്വരനെയും വിശിഷ്ടപുരാണപുരുഷന്മാരെയും സാധാരണക്കാരെപ്പോലെ ദുർബ്ബലരും ചപലപ്രകൃതികളുമാക്കി അവതരിപ്പിക്കുന്നു' - എന്ന അഭിപ്രായമുന്നയിച്ച നിരൂപകനാര്?

A:-പ്ലേറ്റോ

B:-അരിസ്റ്റോട്ടിൽ

C:-ഹോറസ്

D:-പ്ലോട്ടിനസ്

Correct Answer:- Option-A

Question29:-'പച്ചവിരൽ' ആരുടെ ആത്മകഥയാണ്?

A:-മയിലമ്മ

B:-ഖദീജാമുംതാസ്

C:-ദയാബായി

D:-സി.കെ. ജാനു

Correct Answer:- Option-C

Question30:-കാരയിത്രി, ഭാവയിത്രി എന്ന് പ്രതിഭ രണ്ടു തരത്തിലുണ്ടെന്ന് സിദ്ധാന്തിച്ച കാവ്യമീമാംസകൻ ആരാണ്?

A:-ആനന്ദവർദ്ധനൻ

B:-രാജശേഖരൻ

C:-വിശ്വനാഥൻ

D:-ഭട്ടനായകൻ

Correct Answer:- Option-B

Question31:-പത്രപ്രവർത്തകൻെറ അരാജകജീവിതവും സ്വത്വപ്രതിസന്ധികളും ആവിഷ്കരിക്കുന്ന എം.ടി. വാസുദേവൻനായരുടെ കഥയേതാണ്?

A:-സ്ഥിരീകരണം

B:-ജോക്കർ

C:-ഇടവേളകളിൽ

D:-തിരുത്ത്

Correct Answer:- Option-B

Question32:-'നിന്ദയുണ്ടാമുള്ളലിൽ
എങ്ങനെ രഞ്ജിക്കാനാ-
ണെന്നുടെ സങ്കല്പവും
നിന്നുടെ യാഥാർത്ഥ്യവും' - വൈലോപ്പിള്ളിയുടെ ഏത് കവിതയിലേതാണ് ഈ വരികൾ?

A:-സഹ്യന്റെ മകൻ

B:-കാക്ക

C:-കണ്ണീർപ്പാടം

D:-മാമ്പഴം

Correct Answer:- Option-C

Question33:-'ഹിരണ്യകശിപു' എന്ന നോവൽ പ്രതിനിധാനം ചെയ്യുന്ന നോവൽ വിഭാഗമേത്?

A:-ആക്ഷേപഹാസ്യനോവൽ

B:-ചരിത്രനോവൽ

C:-ബോധധാരാനോവൽ

D:-കുറ്റാന്വേഷണനോവൽ

Correct Answer:- Option-A

Question34:-താഴെ കൊടുത്തിരിക്കുന്നവയിൽ സാമ്യോക്തി വിഭാഗത്തിൽ വരുന്ന അലങ്കാരമേത്?

A:-സ്വഭാവോക്തി

B:-രൂപകം

C:-സമാസോക്തി

D:-ഉല്ലേഖം

Correct Answer:- Option-B

Question35:-'ഒരു കാലനും എന്നെ വേണ്ടല്ലോ. എടുത്തോണ്ടു നടന്നതിനു വയത്തുകാലത്ത് ഒരു കുലി തരണ്ടയോ? അതിനാണ്' - ആരുടെ വാക്കുകൾ? കൃതിയേത്?

A:-ചന്ത്രക്കാറൻ, രാമരാജബഹദൂർ

B:-ശങ്കുആശാൻ, മാർത്താണ്ഡവർമ്മ

C:-പെരിഞ്ചക്കോടൻ, ധർമ്മരാജ

D:-മാങ്കോയിക്കൽ കുറുപ്പ്, മാർത്താണ്ഡവർമ്മ

Correct Answer:- Option-B

Question36:-'മഹീപതേ ഭാഗവതോപമാനം
മഹാപുരാണം ഭവനം മദീയം
നോക്കുന്നവർക്കൊക്കെ വിരക്തിയുണ്ടാം
അർത്ഥങ്ങളില്ലെന്നൊരു ഭേദമുണ്ട്' - വൃത്തമേത്?

A:-രഥോദ്ധത

B:-ഇന്ദ്രവജ്ര

C:-ഉപേന്ദ്രവജ്ര

D:-ഉപജാതി

Correct Answer:- Option-C

Question37:-ചേരുംപടി ചേർക്കുക

(a) വ്യാഴവട്ട സ്മരണകൾ (i) മൂർക്കോത്തു കുഞ്ഞപ്പ
(b) ഇവൻ എന്റെ പ്രിയ സി.ജെ. (ii) കെ.പി. വറീദ്
(c) മൂർക്കോത്തു കുമാരൻ (iii) ബി. കല്യാണി അമ്മ
(d) ഹെർമ്മൻ ഗുണ്ടർട്ട് (iv) റോസി തോമസ്

A:-(a)-(i) (b)-(ii) (c)-(iii) (d)-(iv)

B:-(a)-(iii) (b)-(iv) (c)-(i) (d)-(ii)

C:-(a)-(iii) (b)-(iv) (c)-(ii) (d)-(i)

D:-(a)-(iv) (b)-(iii) (c)-(i) (d)-(ii)

Correct Answer:- Option-B

Question38:-'ഒറ്റ സ്നാപ്പിൽ ഒതുക്കാനാവില്ല ഒരു ജന്മസത്യം' - ആരുടെ കഥയാണ്?

A:-ഗീതാഹിരണ്യൻ

B:-അഷിത

C:-ചന്ദ്രമതി

D:-സാറാ ജോസഫ്

Correct Answer:- Option-A

Question39:-'ഗ്രാമീണരുടെ ജീവിതത്തിനു നൈസർഗ്ഗികത്വം കൂടുതലുള്ളതുകൊണ്ട് അവരുടെ വികാരങ്ങളും അനുഭവങ്ങളുമാണ് കാവ്യവിഷയമാക്കേണ്ടതെന്നും, അവരുടെ ഭാഷയിലേ എഴുതാവൂ' - എന്ന് പ്രസ്താവിച്ചതാര്?

A:-ക്രോച്ചേ

B:-സാമുവൽ ജോൺസൺ

C:-വേർഡ്സ് വർത്ത്

D:-കോളറിഡ്ജ്

Correct Answer:- Option-C

Question40:-'നാടൻപാട്ടിന്റെ ലാളിത്യം, നിമിഷകവന സ്വഭാവം, ആർജ്ജവം, പ്രസന്നത, ഗാനാത്മകത, യാഥാതഥ്യം, നാടകീയത, പ്രാദേശികത്വം, വാമൊഴി സാമീപ്യം എന്നീ സവിശേഷതകൾ ഗാഥയിൽ സുലഭമായി കാണാം' - ആരുടെ അഭിപ്രായമാണിത്?

A:-എൻ. മുകുന്ദൻ

B:-ഡോ. ടി. ഭാസ്കരൻ

C:-പ്രൊഫ. പി. രാമൻ

D:-ഡോ. പുതുശ്ശേരി രാമചന്ദ്രൻ

Correct Answer:- Option-B

Question41:-താഴെ നൽകിയിരിക്കുന്ന കഥകളിൽ നിന്നും കാരൂർ നീലകണ്ഠപിള്ള രചിച്ച അദ്ധ്യാപക കഥ തെരഞ്ഞെടുക്കുക

A:-കാൽചക്രം

B:-മരപ്പാവകൾ

C:-ഉതുപ്പാൻെറ കിണർ

D:-കാണ്മാനില്ല

Correct Answer:- Option-A

Question42:-പൊരുളതികാരത്തിൽ കാലദേശാവസ്ഥകളുടെ സൂചകചിഹ്നങ്ങളും ആവിഷ്കാരമാധ്യമങ്ങളും അറിയപ്പെടുന്നത് ഏതു പേരിലാണ്?

A:-ഉരിപ്പൊരുൾ

B:-കരുപ്പൊരുൾ

C:-മുതൽപ്പൊരുൾ

D:-ഉള്ളുരൈ

Correct Answer:- Option-B

Question43:-'ദലിത് സൌന്ദര്യശാസ്ത്രം' രചയിതാവ് ആരാണ്?

A:-പ്രദീപൻ പാമ്പിരിക്കുന്ന്

B:-കെ.കെ. കൊച്ച്

C:-കവിയൂർ മുരളി

D:-ടി.കെ. അനിൽകുമാർ

Correct Answer:- Option-A

Question44:-'പുതുമലർക്കാവിൽ വന്നെഴുമിളം കൊടികളും
കൊടികൾ പൂവിതളിൽ നിന്റുതിരുമപ്പൊടികളും
ചുഴലവും കമികിനൈത്തഴുകുമക്കൊടികളും
കൊടിനനൈപ്പാൻ വരും മൃദുനടുക്കൊടികളും'
- ഏതു കാവ്യത്തിലേതാണ് ഈ വരികൾ?

A:-ഉണ്ണിച്ചിരുതേവീ ചരിതം

B:-ഉണ്ണിയാടീചരിതം

C:-ഉണ്ണിയച്ചീചരിതം

D:-ചന്ദ്രോത്സവം

Correct Answer:- Option-A

Question45:-'ഒരു കാരണവുമില്ലാതെ ദൈവം ഇയ്യോബിനെ പീഡിപ്പിക്കുകയും യാതനകൾക്ക് വിധേയനാക്കുകയും ചെയ്തതുപോലെ തന്നെയാണ് ബാഹ്യലോകം അതിൻെറ അസാധാരണ പെരുമാറ്റം കൊണ്ട് മരണസർട്ടിഫിക്കറ്റിലെ പ്രധാന കഥാപാത്രത്തെ യാതനകൾക്ക് വിധേയനാക്കുന്നത്' - ആനന്ദിൻെറ 'മരണസർട്ടിഫിക്കറ്റ്' എന്ന നോവലിനെക്കുറിച്ച് ഇപ്രകാരം നിരീക്ഷിച്ച നിരൂപകനാരാണ്?

A:-വി. രാജകൃഷ്ണൻ

B:-നരേന്ദ്രപ്രസാദ്

C:-കെ.പി. അപ്പൻ

D:-അയ്യപ്പപ്പണിക്കർ

Correct Answer:- Option-C

Question46:-പദങ്ങളുടെ അർത്ഥനിവേദനക്ഷമതയിൽ ഏറ്റവും പ്രമുഖമായ ശബ്ദവ്യാപാരമായി കണക്കാക്കപ്പെട്ടിട്ടുള്ള ശബ്ദവ്യാപാരം?

A:-ലക്ഷണ

B:-വ്യഞ്ജന

C:-അഭിധ

D:-രസധ്വനി

Correct Answer:- Option-C

Question47:-മലയാളസാഹിത്യത്തിലെ ആദ്യത്തെ ബോധധാരാനോവൽ ഏതാണ്?

A:-സ്വർഗ്ഗദൂതൻ

B:-ഊഞ്ഞാൽ

C:-അവകാശികൾ

D:-അരനാഴികനേരം

Correct Answer:- Option-A

Question48:-'ബൃഹദാഖ്യാനങ്ങളോടുള്ള അവിശ്വാസം' എന്ന ആശയം ആവിഷ്കരിച്ച ഉത്തരാധുനിക ചിന്തകൻ

A:-ഫ്രെഡറിക് ജെയിംസൺ

B:-ബ്രോദിയാർ

C:-ലയത്തോർ

D:-ഡേവിഡ് ഹാർവെ

Correct Answer:- Option-C

Question49:-ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (a) | കേരളത്തിലെ ആഫ്രിക്ക | (i) | അമ്പാട്ടു സുകുമാരൻ നായർ |
| (b) | ആദിവാസികളുടെ കേരളം | (ii) | ജോയി തിരുമൂലപുരം |
| (c) | ഇടമലക്കുടിയിലെ മുതുവാന്മാർ | (iii) | കെ. പാന്നൂർ |
| (d) | ആദിവാസികളുടെ നാട്ടിൽ | (iv) | നെട്ടൂർ പി. ദാമോദരൻ |

A:-(a)-(iii) (b)-(iv) (c)-(ii) (d)-(i)

B:-(a)-(i) (b)-(iii) (c)-(iv) (d)-(ii)

C:-(a)-(iii) (b)-(iv) (c)-(i) (d)-(ii)

D:-(a)-(i) (b)-(ii) (c)-(iv) (d)-(iii)

Correct Answer:- Option-A

Question50:-'മനുഷ്യാലയ ചന്ദ്രിക'യുടെ കർത്താവ് ആരാണ്?

A:-കാണിപ്പയ്യൂർ നമ്പൂതിരി

B:-ഓണക്കൂർ ഗണകൻ

C:-തിരുമംഗലത്ത് നീലകണ്ഠൻ മൂസത്

D:-പി. ഭാസ്കരനുണ്ണി

Correct Answer:- Option-C

Question51:-നിരണം കവികൾ ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങൾ തെരഞ്ഞെടുക്കുക

A:-തരംഗിണി, കുറത്തി, ഇന്ദുവദന, മണികാഞ്ചി, മല്ലിക

B:-മഞ്ജരി, സ്രഗ്ദ്ധര, വസന്തതിലകം, പുഷ്പിതാഗ്ര, മന്ദാക്രാന്ത

C:-ഇന്ദ്രവജ്ര, വംശസ്ഥം, കേക, രഥോദ്ധത, ഉപേന്ദ്രവജ്ര

D:-മല്ലിക, കളകാഞ്ചി, നതോന്നത, ശാർദ്ദൂലവിക്രീഡിതം, അന്നനട

Correct Answer:- Option-A

Question52:-1930 മുതൽ 1957 വരെയുള്ള തിരുവിതാംകൂറിലെയും കേരളത്തിലെയും സാമൂഹികരാഷ്ട്രീയ ചരിത്രസംഭവങ്ങൾ പ്രമേയമാകുന്ന തകഴിയുടെ നോവൽ

A:-കയർ

B:-തോട്ടിയുടെ മകൻ

C:-ഏണിപ്പടികൾ

D:-രണ്ടിടങ്ങഴി

Correct Answer:- Option-C

Question53:-'സംസ്കൃതത്തിൽ നല്ലതുണ്ടെങ്കിൽ ഇംഗ്ലീഷിലും നല്ലതുണ്ട്. നല്ലതെവിടെയുണ്ടെങ്കിലും സ്വീകരിക്കണം. സംസ്കൃതമോ ഇംഗ്ലീഷോ എന്നതല്ല, മലയാളത്തിന്റെ വികസനത്തിന് അവ പ്രയോജനപ്പെടുന്നുണ്ടോ എന്നതാണ് പ്രസക്തം' - ഇങ്ങനെ പ്രസ്താവിച്ചതാര്?

A:-കേരളവർമ്മ വലിയ കോയിത്തമ്പുരാൻ

B:-എ.ആർ. രാജരാജവർമ്മ

C:-സി.പി. അച്യുതമേനോൻ

D:-കേസരി എ. ബാലകൃഷ്ണപിള്ള

Correct Answer:- Option-B

Question54:-'വെള്ള ഖാദിജുബ്ബ മാറ്റി മഞ്ഞ വേഷ്ടി പുതച്ച തുലാമാസപ്പകൽ - കുത്തി നിറച്ച സഞ്ചി പോലെ ഒക്കിൽ കിടക്കുന്ന മേഘം' - ഏതു കൃതിയിലേതാണീ വാക്യം?

A:-നിത്യകന്യകയെത്തേടി

B:-കവിയുടെ കാല്പാടുകൾ

C:-എന്നെ തിരയുന്ന ഞാൻ

D:-കളിയച്ഛൻ

Correct Answer:- Option-C

Question55:-പതിനാറാം ശതകത്തിന്റെ ആരംഭത്തിൽ തിരുവിതാംകൂർ  രാജകുടുംബത്തിലുണ്ടായ അന്തഃഛിദ്രത്തെ അധികരിച്ച് രചിച്ചിട്ടുള്ള തെക്കൻപാട്ട്

A:-കന്നടിയൻ പോര്

B:-അഞ്ചുതമ്പുരാൻപാട്ട്

C:-ഇരവിക്കുട്ടിപ്പിള്ളപ്പോര്

D:-ഉലകുടപെരുമാൾപാട്ട്

Correct Answer:- Option-B

Question56:-പുരുഷാധിപത്യത്തിന്റെയും കീഴാളക്രിസ്തീയ ജീവിതത്തിന്റെയും സഹനങ്ങളെയും സംഘർഷങ്ങളെയും ചിത്രീകരിക്കുന്ന ലിസിയുടെ നോവൽ ഏതാണ്?

A:-ചിത്തിരപുരത്തെ ജാനകി

B:-ഗ്രാൻഡ് ഫിനാലെ

C:-വിലാപ്പുറങ്ങൾ

D:-കപ്പലിനെക്കുറിച്ച് ഒരു വിചിത്രപുസ്തകം

Correct Answer:- Option-C

Question57:-വിൻസെന്റ് ഷീൻ രചിച്ച 'ഗാന്ധി' എന്ന ജീവചരിത്രഗ്രന്ഥം വിവർത്തനം ചെയ്തതാര്?

A:-ഡോ. കെ.എം. ജോർജ്ജ്

B:-എം. ലീലാവതി

C:-എസ്. പരമേശ്വരൻ

D:-കെ.എൻ. ഗോപാലൻ നായർ

Correct Answer:- Option-B

Question58:-അഷ്ടാംഗഹൃദയത്തെ 'അഷ്ടാംഗസാരം' എന്ന പേരിൽ വിവർത്തനം ചെയ്തതാര്'?

A:-പാച്ചുമൂത്തത്

B:-വെളുത്തേരി കേശവൻ വൈദ്യർ

C:-പെരുനെല്ലി കൃഷ്ണൻ വൈദ്യർ

D:-പരമേശ്വരൻ നമ്പൂതിരി

Correct Answer:- Option-B

Question59:-'കനം' എന്ന കാവ്യസമാഹാരം രചിച്ചതാര്?

A:-പി.പി. രാമചന്ദ്രൻ

B:-വീരാൻ കുട്ടി

C:-പി. രാമൻ

D:-അൻവർ അലി

Correct Answer:- Option-C

Question60:-മഹോദയപുരത്തെ രവിവർമ്മ കുലശേഖരൻെറ സദസ്യനായിരുന്ന ജ്യോതിശാസ്ത്രജ്ഞൻ ആരാണ്?

A:-ശങ്കരനാരായണൻ

B:-ഗോവിന്ദസ്വാമി

C:-തലക്കുളത്തു പട്ടേരി

D:-കേളല്ലൂർ ചോമാതിരി

Correct Answer:- Option-A

Question61:-ഒരു കാലത്ത് പ്രയോഗത്തിലുണ്ടായിരുന്നതും കാലക്രമേണ പ്രയോഗത്തിലില്ലാതെ പോയതുമായ പ്രകൃതി പ്രത്യയങ്ങളാണ്

A:-വ്യാക്ഷേപകം

B:-നിപാതം

C:-ഖിലം

D:-ദ്യോതകം

Correct Answer:- Option-C

Question62:-സംക്ഷേപവേദാർത്ഥത്തിൽ വട്ടെഴുത്തിലെ ഠരം എന്ന ലിപി ഉപയോഗിച്ചിരിക്കുന്നത് ഏത് അക്ഷരത്തെ കുറിക്കാനാണ്?

A:-ഈ

B:-ഉ

C:-അ

D:-ശ്രീ

Correct Answer:- Option-A

Question63:-താഴെ കൊടുത്തവയിൽ ഇരയിമ്മൻ തമ്പിയുടേതല്ലാത്ത ആട്ടക്കഥ ഏതാണ്?

A:-കീചകവധം

B:-ഉത്തരാസ്വയംവരം

C:-ദക്ഷയാഗം

D:-രാവണവിജയം

Correct Answer:- Option-D

Question64:-ഏ.ആറിൻെറ ഭാഷാപരിണാമനയങ്ങളെ എതിർത്തുകൊണ്ട് മലയാളം ആദിദ്രാവിഡഭാഷയുടെ സ്വതന്ത്രശാഖയാണെന്ന് ആദ്യമായി അഭിപ്രായപ്പെട്ടത് ആരാണ്?

A:-ആറ്റൂർ

B:-കെ.എം. ജോർജ്ജ്

C:-ചേലനാട്ട് അച്യുതമോനോൻ

D:-കെ. സുകുമാരപ്പിള്ള

Correct Answer:- Option-A

Question65:-പദസംഹിതാരചനാ വ്യാകരണ (Phrase Structure) നിയമങ്ങളുടെ നിർമ്മിതിയെ സംബന്ധിച്ച്

(a) പി.എസ്. വ്യാകരണത്തിലെ ഒരു നിയമം കൊണ്ട് ഒരൊറ്റ ചിഹ്നമേ മാറ്റിയെഴുതാവൂ

(b) അമ്പടയാളത്തിൻെറ ഇടതുഭാഗത്ത് അനേകം ചിഹ്നങ്ങളാവാം

(c) ഒരിക്കൽ മാറ്റിയെഴുതിക്കഴിഞ്ഞ ചിഹ്നം വ്യാകരണത്തിൻെറ മറ്റൊരിടത്തും വന്നുകൂടാ

A:-പ്രസ്താവന (a), (b), (c) എന്നിവ ശരിയാണ്

B:-പ്രസ്താവന (a), (c) എന്നിവ ശരിയാണ് (b) തെറ്റാണ്

C:-പ്രസ്താവന (a), (b), (c) എന്നിവ തെറ്റാണ്

D:-പ്രസ്താവന (a) തെറ്റാണ് (b), (c) എന്നിവ ശരിയാണ്

Correct Answer:- Option-B

Question66:-'ഇത് ആകാശത്തെ കീഴടക്കുന്ന ഒരത്ഭുതമാണ്. വായു ഒരു കാളവണ്ടിയെപ്പോലെ ശബ്ദങ്ങളെ വഹിക്കുമ്പോൾ ആകാശം തീവണ്ടിയോ ആവിക്കപ്പലോ പോലെ ശബ്ദങ്ങളെ അനതിവിദൂരതയിലേക്ക് കൊണ്ടുപോകുന്നു'. 1938 ൽ ചെന്നൈ റേഡിയോ നിലയം ഉദ്ഘാടനം ചെയ്തുകൊണ്ട് ഇപ്രകാരം സംസാരിച്ചതാരാണ്?

A:-രംഗനാഥറാവു

B:-സർ. സി. രാജഗോപാലാചാരി

C:-സർ. സി.പി. രാമസ്വാമി അയ്യർ

D:-ആയില്യം തിരുനാൾ

Correct Answer:- Option-B

Question67:-2006-ൽ കേരളത്തിലെ ആദ്യത്തെ കൽപിതസർവ്വകലാശാല എന്ന പദവി ലഭിച്ച സ്ഥാപനം ഏതാണ്?

A:-കേരളകലാമണ്ഡലം

B:-അമൃത സർവ്വകലാശാല

C:-ജെയിൻ സർവ്വകലാശാല

D:-ചിന്മയവിശ്വപീഠം

Correct Answer:- Option-A

Question68:-വിദ്യകൊണ്ട് സ്വതന്ത്രരാവുക, സംഘടനകൊണ്ട് ശക്തരാവുക എന്ന് ഉദ്ബോധിപ്പിച്ച നവോത്ഥാന നായകൻ

A:-അയ്യങ്കാളി

B:-സഹോദരൻ അയ്യപ്പൻ

C:-ശ്രീനാരായണഗുരു

D:-ചട്ടമ്പി സ്വാമികൾ

Correct Answer:- Option-C

Question69:-കുളിക്കാൻ പോയി എന്നത് ഏത് വിനയെച്ചത്തിനുദാഹരണമാണ്?

A:-പിൻ വിനയെച്ചം

B:-മുൻ വിനയെച്ചം

C:-നടു വിനയെച്ചം

D:-തൻ വിനയെച്ചം

Correct Answer:- Option-A

Question70:-'ഉത്തിഷ്ഠത ജാഗ്രത പ്രാപ്യവരാൻ നിബോധത' എന്ന ഉപനിഷത് വാക്യത്തോടൊപ്പം 'ഉദ്യമം കൊണ്ട് സിദ്ധിക്കും വിദ്യാ മാനധനാദികൾ' എന്ന സൂക്തവും മുഖമുദ്രയാക്കിയ മലയാളത്തിലെ ആദ്യകാല പ്രസിദ്ധീകരണം ഏതായിരുന്നു?

A:-മംഗളോദയം

B:-വിവേകോദയം

C:-ഭാഷാകൌമുദി

D:-മിതഭാഷിണി

Correct Answer:- Option-B

Question71:-'ഭാഷയായ് പറവാനുമടിയനു സംസ്കൃതത്തിലുമൊന്നുപോൽ ദോഷഹീന പടുത്വമുണ്ട്' കുഞ്ചൻ നമ്പ്യാർ തന്റെ ഭാഷയെപ്പറ്റി ഇങ്ങനെ പറയുന്നത് ഏതു തുള്ളൽകൃതിയിലാണ്?

A:-കിരാതം ഓട്ടൻതുള്ളൽ

B:-കീചകവധം പറയൻതുള്ളൽ

C:-കല്യാണസൌഗന്ധികം ശീതങ്കൻ തുള്ളൽ

D:-ബകവധം ഓട്ടൻതുള്ളൽ

Correct Answer:- Option-B

Question72:-ശിവയോഗിവിലാസത്തിൻെറ സ്ഥാപകപത്രാധിപർ

A:-വാഗ്ഭടാനന്ദൻ

B:-ബ്രഹ്മാനന്ദശിവയോഗി

C:-ആത്മാനന്ദസ്വാമികൾ

D:-കുമാരനാശാൻ

Correct Answer:- Option-A

Question73:-ലീലാതിലകത്തിൻെറ ആറാം ശിൽപ്പത്തിൽ ചർച്ച ചെയ്യുന്നതെന്താണ്?

A:-രസവിചാരം

B:-മണിപ്രവാളനിരൂപണം

C:-സന്ധികാര്യങ്ങൾ

D:-ശബ്ദാലങ്കാരവിവേചനം

Correct Answer:- Option-D

Question74:-ലീലാതിലകം എന്ന മണിപ്രവാളശാസ്ത്രഗ്രന്ഥം ആദ്യമായി പ്രസിദ്ധീകരിച്ചത് ഏതു പ്രസിദ്ധീകരണത്തിലാണ്?

A:-മംഗളോദയം

B:-രസികരഞ്ജിനി

C:-ഭാഷാപോഷിണി

D:-മിതവാദി

Correct Answer:- Option-A

Question75:-നാലഞ്ചക്ഷരവും പഠിച്ചു ഗുരുവിൻ പാദം തലോടി ചിരം
ചാലഞ്ചും മൊഴിതന്നപാംഗവലയിൽ ചാടീട്ടുഴന്നേൻ ചിരം
കോലം കെട്ടുക, കോലങ്ങളിൽ നടക്കെന്നുള്ള വേലയ്ക്കിനി-
ക്കാലം നാർദ്ധകമാകകൊണ്ടടിയനെച്ചാടിക്കൊലാ ഭൂപതേ
കുഞ്ചൻ നമ്പ്യാർ ഈ ശ്ലോകം കാഴ്ചവെച്ചതായി പറയുന്നത് ഏതു രാജാവിൻെറ മുന്നിലായിരുന്നു

A:-അമ്പലപ്പുഴ രാജാവ്

B:-മാർത്താണ്ഡവർമ്മ

C:-ധർമ്മരാജ

D:-ആയില്യം തിരുനാൾ

Correct Answer:- Option-C

Question76:-കൂടിയാട്ടത്തിൽ ഉപയോഗിക്കുന്ന സംഗീതോപകരണങ്ങളിൽ താഴെ പറയുന്ന ഗ്രൂപ്പിൽ വിട്ടുപോയതെന്താണ്?
മിഴാവ് കുഴിത്താളം ഇടക്ക കുഴൽ

A:-ചെണ്ട

B:-ശംഖ്

C:-മദ്ദളം

D:-തിമില

Correct Answer:- Option-B

Question77:-അനുപ്രദാനം എന്നത്

A:-കണ്ഠരരന്ധ്രത്തെ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നത്

B:-പദങ്ങളെ അക്ഷരലോപം ചെയ്ത് ചുരുക്കി ഉപയോഗിക്കുന്നത്

C:-ശ്വാസത്തെ വെളിയിലേക്ക് വിടുന്നതിൻെറ മാതിരിഭേദം

D:-ഒരു ധ്വനിയിൽ മറ്റൊരു ധ്വനി അലിഞ്ഞുചേരൽ

Correct Answer:- Option-C

Question78:-ചേരുംപടി ചേർക്കുക

(a) വിനോദ്കാംബ്ലി (1) പ്രിയ എ.എസ്
(b) അഭിനയമുഹൂർത്തങ്ങൾ (2) സി.വി. ബാലകൃഷ്ണൻ
(c) ടെലിവിഷൻ പരസ്യങ്ങൾ (3) സന്തോഷ് ഏച്ചിക്കാനം
(d) ശേഷം ചിന്ത്യം (4) കെ. ടോണി ജോസ്
(5) അംബികാസുതൻ മാങ്ങാട്

A:-(a)-(5) (b)-(3) (c)-(1) (d)-(2)

B:-(a)-(5) (b)-(1) (c)-(4) (d)-(2)

C:-(a)-(5) (b)-(3) (c)-(2) (d)-(1)

D:-(a)-(2) (b)-(1) (c)-(4) (d)-(3)

Correct Answer:- Option-C

Question79:-ചേരുംപടി ചേർക്കുക

(a) ഗോപുരനടയിൽ (1) ജി. ശങ്കരപ്പിള്ള
(b) വിശ്വരൂപം (2) എൻ. പ്രഭാകരൻ
(c) പുലിജന്മം (3) കാവാലം നാരായണപണിക്കർ
(d) ഭരതവാക്യം (4) സുരാസു
(5) എം.ടി. വാസുദേവൻ നായർ

A:-(a)-(5) (b)-(3) (c)-(1) (d)-2

B:-(a)-(5) (b)-(1) (c)-(4) (d)-(2)

C:-(a)-(5) (b)-(4) (c)-(2) (d)-(1)

D:-(a)-(2) (b)-(1) (c)-(4) (d)-(3)

Correct Answer:- Option-C

Question80:-ഇരുത്തൽ (നായികയുടെ കാത്തിരിപ്പ്) എന്ന ഉരിപ്പൊരുൾ ഏത് തിണയുമായി ബന്ധപ്പെട്ടിരിക്കുന്നു?

A:-കൈക്കിളൈ

B:-മുല്ലൈ

C:-പാലൈ

D:-പെരുന്തിണൈ

Correct Answer:- Option-B

Question81:-ള, ഴ, റ എന്നീ വ്യഞ്ജനങ്ങൾ അറിയപ്പെടുന്നത്

A:-ദ്രാവിഡമധ്യമങ്ങൾ

B:-മധ്യമങ്ങൾ

C:-ഘോഷി

D:-ഊഷ്മാക്കൾ

Correct Answer:- Option-A

Question82:-ബഹുജന ഹിതായ ബഹുജന സുഖായ എന്ന ആപ്തവാക്യം ആരുടെ മുഖവാക്യമാണ്?

A:-സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

B:-എൽ.ഐ.സി.

C:-ദൂരദർശൻ

D:-ആകാശവാണി

Correct Answer:- Option-D

Question83:-ചേരുംപടി ചേർക്കുക

(a) കലി (i) സുകുമാരൻ വേങ്ങേരി
(b) കിരാതം (ii) സി.എൻ. ശ്രീകണ്ഠൻ നായർ
(c) അവനവൻ കടമ്പ (iii) ജി. ശങ്കരപ്പിള്ള
(d) വിപാടനം (iv) സുരാസു
(v) കാവാലം നാരായണപണിക്കർ

A:-(a)-(5) (b)-(3) (c)-(1) (d)-(2)

B:-(a)-(5) (b)-(1) (c)-(4) (d)-(2)

C:-(a)-(5) (b)-(4) (c)-(2) (d)-(1)

D:-(a)-(2) (b)-(3) (c)-(5) (d)-(1)

Correct Answer:- Option-D

Question84:-ചേരുംപടി ചേർക്കുക

(a) കോകിലസന്ദേശം (1) ചേന്നാസ് നാരായണഭട്ടതിരി
(b) വസുമതിമാനവിക്രമം (2) പുനം നമ്പൂതിരി
(c) തന്ത്രസമുച്ചയം (3) ഉദ്ദണ്ഡശാസ്ത്രികൾ
(d) രാമായണം ചമ്പു (4) കാക്കശ്ശേരി ദാമോദരഭട്ടതിരി
(5) മുല്ലപ്പള്ളി ഭട്ടതിരി

A:-(a)-(5) (b)-(2) (c)-(4) (d)-(1)

B:-(a)-(5) (b)-(1) (c)-(4) (d)-(2)

C:-(a)-(5) (b)-(3) (c)-(2) (d)-(1)

D:-(a)-(3) (b)-(4) (c)-(1) (d)-(2)

Correct Answer:- Option-D

Question85:-സംസർഗ്ഗപ്രക്രിയയ്ക്കുവേണ്ടി ഉപയോഗിക്കുന്ന വർണ്ണം

A:-ഘ

B:-ഹ

C:-ശ

D:-മ

Correct Answer:- Option-B

Question86:-കാലം നിശ്ചലമാവുകയും സ്ഥലം അപ്രത്യക്ഷമാവുകയും ചെയ്ത് ലോകം ഒരു ആഗോളഗ്രാമമായി മാറുമെന്ന ഭാവന ആദ്യമായി അവതരിപ്പിച്ചത് ആരായിരുന്നു?

A:-മാർഷൽ മക് ലൂഹൻ

B:-മർഡോക്ക്

C:-എ.ജി. നൂറാണി

D:-മൈക്കിൾ ഐസ്നർ

Correct Answer:- Option-A

Question87:-പക്ഷപാതം പിടിച്ച ശുഷ്കിച്ച നമ്പൂതിരി സമുദായത്തിൽ പണ്ടേ വന്നുകൂടിയ ഭയങ്കരമായ ഒരു ഹൃദ്രോഗം മാറ്റുകയാണ് ലക്ഷ്യം എന്നു സൂചിപ്പിച്ചു കൊണ്ടു കടന്നുവന്ന നാടകം ഏതാണ്?

A:-അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

B:-ഋതുമതി

C:-സാവിത്രി അഥവാ വിധവാവിവാഹം

D:-മറക്കുടയ്ക്കുള്ളിലെ മഹാനരകം

Correct Answer:- Option-C

Question88:-നാടോടി വിജ്ഞാനീയത്തിൽ മോട്ടീഫ് എന്നത് ഏതിൻെറ ഘടകമാണ്?

A:-നാടൻപാട്ടുകൾ

B:-കടങ്കഥ

C:-നാടോടിക്കഥ

D:-അനുഷ്ഠാനം

Correct Answer:- Option-C

Question89:-'അലുപ്താഖ്യസമാസത്തിൽ ധാതുപൂർവ്വത്തിലും വരാ' അലുപ്താഖ്യസമാസത്തിലും ധാതുപൂർവ്വത്തിലും വരാത്തതെന്താണ്?

A:-ഉത്തരപദത്തിൻെറ ആദ്യ ദൃഢത്തിന് ഇരട്ടിപ്പ്

B:-താലവ്യാദേശം

C:-വിഭക്ത്യാഭാസം

D:-വിശേഷണവിശേഷ്യപ്പൊരുത്തം

Correct Answer:- Option-A

Question90:-ലോകമെമ്പാടും സ്വീകാര്യമായ വിധത്തിൽ ടെലിവിഷൻ സിഗ്നലുകൾ ഇന്ത്യയിൽ പ്രക്ഷേപണം ചെയ്തു തുടങ്ങിയത് ഡൽഹി ഏഷ്യൻ ഗെയിംസോടു കൂടിയായിരുന്നു. മേളയുടെ സംപ്രേഷണം ആരംഭിച്ചത് എന്നായിരുന്നു

A:-1982 നവംബർ 12

B:-1982 നവംബർ 19

C:-1982 സെപ്തംബർ 17

D:-1982 സെപ്തംബർ 19

Correct Answer:- Option-B

Question91:-'ആരോടും അധമർണ്ണ്യത്തിൽ അടിമപ്പെടാതെ വേണ്ടതു സ്വീകരിച്ച് വേണ്ടാത്തതിനെ തകർത്ത്

കുതിച്ചു പായുന്ന ഒരു നിഷേധിയുടെ അനാടകം' (Anti Play) എന്ന് വയലാ വാസുദേവൻ പിള്ള വിശേഷിപ്പിച്ച നാടകം ഏതാണ്?

A:-1128 ക്രൈം 27

B:-കുടുക്ക

C:-സമത്വവാദി

D:-ചാവേർപ്പട

Correct Answer:- Option-A

Question92:-കേരളീയരംഗകലാചരിത്രം എന്ന ഗ്രന്ഥത്തിൻെറ കർത്താവ് ആര്?

A:-എ.കെ. നമ്പ്യാർ

B:-എസ്.കെ. നായർ

C:-സി.ആർ. രാജഗോപാലൻ

D:-എം.വി. വിഷ്ണുനമ്പൂതിരി

Correct Answer:- Option-C

Question93:-ചേരുംപടി ചേർക്കുക

(a) മലയാം പേച്ച (1) കാൾഡ്വൽ
(b) മലയായ്മ (2) ഉദയംപേരൂർ സൂനഹദോസ്
(c) മലയാഴ്മ (3) ബഞ്ചമിൻ ബെയ് ലി
(d) കേരളഭാഷ (4) ജോർജ്ജ് മാത്തൻ
(5) ലീലാതിലകം

A:-(a)-(2) (b)-(3) (c)-(4) (d)-(5)

B:-(a)-(5) (b)-(1) (c)-(4) (d)-(2)

C:-(a)-(5) (b)-(3) (c)-(2) (d)-(1)

D:-(a)-(2) (b)-(1) (c)-(4) (d)-(3)

Correct Answer:- Option-A

Question94:-പ്രസിദ്ധീകരണത്തിൽ ചരിത്രം സൃഷ്ടിച്ച 'ഇന്ന്' എന്ന ഇൻലൻഡ് മാസികയുടെ പത്രാധിപർ

A:-പി.പി. രാമചന്ദ്രൻ

B:-മണമ്പൂർ രാജൻ ബാബു

C:-ഷാജി

D:-എം. രാജീവ് കുമാർ

Correct Answer:- Option-B

Question95:-താഴെ പറയുന്ന മലയാള ചലച്ചിത്രങ്ങളെ ദേശീയ അവാർഡ് നേടിയ വർഷം ആരോഹണക്രമത്തിൽ വരുന്ന വിധത്തിൽ പട്ടികപ്പെടുത്തുക
പിറവി, ചിദംബരം, വാനപ്രസ്ഥം, കഥാപുരുഷൻ, ശാന്തം

A:-പിറവി, ചിദംബരം, കഥാപുരുഷൻ, വാനപ്രസ്ഥം, ശാന്തം

B:-ചിദംബരം, പിറവി, വാനപ്രസ്ഥം, കഥാപുരുഷൻ, ശാന്തം

C:-പിറവി, ചിദംബരം, വാനപ്രസ്ഥം, കഥാപുരുഷൻ, ശാന്തം

D:-ചിദംബരം, പിറവി, കഥാപുരുഷൻ, വാനപ്രസ്ഥം, ശാന്തം

Correct Answer:- Option-D

Question96:-പാലക്കാട് ജില്ലയിലെ ദേവീക്ഷേത്രങ്ങളിൽ നടത്തുന്ന തോൽപ്പാവക്കൂത്തിന് ഉപയോഗിക്കുന്ന പാട്ടുകൾ സ്വീകരിച്ചിരിക്കുന്നത് എവിടെ നിന്നാണ്?

A:-കാളിനാടകം

B:-കണ്ണശ്ശരാമായണം

C:-രാമായണം കിളിപ്പാട്ട്

D:-കമ്പരാമായണം

Correct Answer:- Option-D

Question97:-കൽക്കത്ത സർവ്വകലാശാല ഫൊനറ്റിക്സ് മോണോഗ്രാഫ് പരമ്പരയിൽ ഒന്നാമത്തേതായി 1925 ൽ പ്രസിദ്ധപ്പെടുത്തിയ A Brief Account of Malayalam Phonetics ആരുടെ സംഭാവനയാണ്?

A:-കുഞ്ഞൻ രാജ സി.

B:-ചേലനാട്ട് അച്യുതമേനോൻ

C:-കെ.എൻ. എഴുത്തച്ഛൻ

D:-എൽ.വി. രാമസ്വാമി അയ്യർ

Correct Answer:- Option-D

Question98:-ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (a) | കൊക്കരണി | (1) | വിനു എബ്രഹാം |
| (b) | തിങ്കളാഴ്ചകളിലെ ആകാശം | (2) | ചന്ദ്രമതി |
| (c) | വെബ്സൈറ്റ് | (3) | സേതു |
| (d) | ചില പ്രീ മോഡേൺ ഇടപെടലുകൾ | (4) | എം. നന്ദകുമാർ |
| | | (5) | ടി.വി. കൊച്ചുബാവ |

A:-(a)-(5) (b)-(3) (c)-(2) (d)-(1)

B:-(a)-(5) (b)-(1) (c)-(4) (d)-(2)

C:-(a)-(4) (b)-(3) (c)-(2) (d)-(1)

D:-(a)-(2) (b)-(1) (c)-(4) (d)-(3)

Correct Answer:- Option-A

Question99:-അലക്സാണ്ടർ ഡ്യൂമോയുടെ ദ കൌണ്ട് ഓഫ് മോണ്ടി ക്രിസ്റ്റോയുടെ കഥ കേരളവൽക്കരിച്ച മലയാള ചലച്ചിത്രം ഏതാണ്?

A:-കർമ്മയോഗി

B:-സാമ്രാജ്യം

C:-കളിയാട്ടം

D:-പടയോട്ടം

Correct Answer:- Option-D

Question100:-സ്ത്രീകൾ തന്നെ സ്ക്രിപ്റ്റ് തയ്യാറാക്കി, നാടകസംവിധാനം നിർവ്വഹിച്ച് പുരുഷകഥാപാത്രങ്ങളെ സ്ത്രീകൾ തന്നെ അവതരിപ്പിച്ച മലയാളനാടകമേത്?

A:-ഋതുമതി

B:-അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

C:-തൊഴിൽകേന്ദ്രത്തിലേക്ക്

D:-അടർക്കളം

Correct Answer:- Option-C